ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:20-07-2024

## പ്രധാനവാർത്തകൾ

1. യുനെസ്കോ ലോക പൈതൃക സമിതി സമ്മേളനം നാളെ ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.
2. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായുള്ള സർവ്വകക്ഷി യോഗം നാളെ ; കേരളത്തിൻറെ ആവശ്യങ്ങൾ കേന്ദ്രത്തെ മുൻകൂട്ടി അറിയിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ.
3. വിൻഡോസ് സോഫ്റ്റ്‌വെയർ തകരാറുമൂലം തടസ്സപ്പെട്ട വിവിധ സേവനമേഖലകൾ സാധാരണ ഗതിയിലേക്ക്. ഇന്ത്യയിലെ പണമിടപാടുകളെയും എൻഐസി ശൃംഖലകളെയും തടസ്സം ബാധിച്ചില്ല.
4. കർണാടകയിൽ മണ്ണിടിച്ചിലിൽ കാണാതായ ഡ്രൈവർ അർജുനായുള്ള തെരച്ചിൽ ഊർജ്ജിതം.
5. ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് മലേഷ്യ-തായ്‌ലൻഡിനെയും, ശ്രീലങ്ക-ബംഗ്ലാദേശിനെയും നേരിടും. നാളെയാണ് ഇന്ത്യ - യുഎഇ പോരാട്ടം.

***********************************

RNU TVPM

## ഹെഡ്‌ലൈൻ-1

## പൈതൃക സമിതി സമ്മേളനം

യുനെസ്കോ ലോക പൈതൃക സമിതി സമ്മേളനം നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന 46-ാമത് സമ്മേളനം ഈ മാസം 31 ന് സമാപിക്കും. ഇതാദ്യമായാണ് ലോക പൈതൃക സമിതി സമ്മേളനത്തിന് ഇന്ത്യ ആതിഥേയത്വം വഹിക്കുന്നത്. യുനെസ്കോയുടെ ഡയറക്ടർ ജനറൽ മാഡം ഓഡ്രി അസോലെ, യുനെസ്കോ ലോക പൈതൃക സെക്രട്ടേറിയറ്റിലെ മുതിർന്ന ഉദ്യോഗസ്ഥർ, സാംസ്കാരിക മന്ത്രിമാർ, അംബാസഡർമാർ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുക്കും.

*******************************************

## ഹെഡ്‌ലൈൻ-2

## പാർലമെന്റ് സർവ്വകക്ഷി സമ്മേളനം

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ നാളെ സർവ്വകക്ഷി യോഗം വിളിച്ചു ചേർക്കും. ഇരു സഭകളുടെയും സമാധാനപരമായ നടത്തിപ്പിന് എല്ലാ കക്ഷികളുടെയും പിന്തുണയും സഹകരണവും ഉറപ്പ് വരുത്തുക എന്നതാണ് യോഗത്തിന്റെ ഉദ്ദേശം. ബജറ്റ് സമ്മേളനം തിങ്കളാഴ്ചയാണ് ആരംഭിക്കുക. കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമലാ സീതാരാമൻ ചൊവ്വാഴ്ച അവതരിപ്പിക്കും. മൂന്നാം എൻഡിഎ സർക്കാരിന്റെ ആദ്യ ബജറ്റാണിത്.

RNU TVPM

*******************************************

## ഹെഡ്‌ലൈൻ-2എ

## ബാലഗോപാൽ

കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായി കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തെ അറിയിച്ചിരുന്നു എന്നും 24,000 കോടി രൂപയുടെ

ആവശ്യം ഉന്നയിച്ചിരുന്നു എന്നും മന്ത്രി ബാലഗോപാൽ. തിരുവനന്തപുരത്ത് വാർത്താ സമ്മേളനം നടത്തുകയായിരുന്നു മന്ത്രി. കേരളത്തിന് ന്യായമായി ലഭിക്കേണ്ട പണമാണ് ആവശ്യപ്പെട്ടത്. ബ്രാന്റിംഗിന്റെ പേരുപറഞ്ഞ് കഴിഞ്ഞവർഷത്തെ പല തുകകളും നൽകിയിട്ടില്ല. കേരളത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കുമെന്നും, കൂടുതൽ ജനക്ഷേമ പ്രവർത്തനങ്ങൾക്കായി കേന്ദ്രം മുന്നോട്ടു വരുമെന്നും പ്രതീക്ഷിക്കുന്നതായി ബാലഗോപാൽ പറഞ്ഞു. കേരളത്തിലെ MP മാർ ഒറ്റക്കെട്ടായി ശക്തമായി മുന്നോട്ടു പോകും എന്നും മന്ത്രി പറഞ്ഞു.

*******************************************

## ഹെഡ്‌ലൈൻ-3

### മൈക്രോസോഫ്റ്റ് വിൻഡോസ്

മൈക്രോസോഫ്റ്റ് വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകളിൽ നേരിട്ട പ്രവർത്തനതകരാറുമൂലം ലോകത്തിന്റെ വിവിധഭാഗങ്ങളിൽ തടസ്സം നേരിട്ട സേവനങ്ങൾ സാധാരണ ഗതിയിലേക്ക് മടങ്ങുന്നു. വിമാനത്താവളങ്ങൾ, കമ്പനികൾ, ബാങ്കുകൾ, സർക്കാർ ഓഫീസുകൾ, ആരോഗ്യ സർവീസുകൾ തുടങ്ങിയ വിവിധ മേഖലകളിലെ സ്ഥാപനങ്ങളുടെ പ്രവർത്തനം പ്രശ്നത്തെ തുടർന്ന് മണിക്കൂറുകളോളം നിശ്ചലമാവുകയോ തടസപ്പെടുകയോ ചെയ്തിരുന്നു. അമേരിക്കൻ സൈബർ സുരക്ഷാ സ്ഥാപനമായ ക്രൗഡ്സ്ട്രൈക്ക്, സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യുന്നതായി അറിയിച്ചതിന് പിന്നാലെയാണ് സർവീസുകൾ തകരാറിലായത്. വിമാന സമയക്രമത്തിലെ മാറ്റം, സർവീസ് റദ്ദാക്കൽ തുടങ്ങിയവ ഒരാഴ്ചയോളം തുടരുമെന്നാണ് വിമാനക്കമ്പനികൾ അറിയിക്കുന്നത്. സംഭവം മൂലം ലോകത്തു 5,000 വിമാനസർവീസുകളാണ്

RNUTVPM

റദ്ദുചെയ്യത്. ഇന്ത്യയിലും നിരവധി സെർവീസുകൾ റദ്ദുചെയ്യുകയും നീട്ടിവെയ്ക്കുകയും ചെയ്യു.

*******************************************

ഹെഡ്‌ലൈൻ-3എ

**അശ്വിനി വൈഷ്ണവ് - മൈക്രോസോഫ്റ്റ്**

ആഗോളപ്രവർത്തന തകരാറുമായി ബന്ധപെട്ട് കേന്ദ്രസർക്കാർ മൈക്രോസോഫ്റ്റുമായി ആശയവിനിമയം നടത്തിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. തടസ്സത്തിന്റെ കാരണം തിരിച്ചറിഞ്ഞതായും പ്രശ്നം പരിഹരിക്കുന്നതിനുള്ള അപ്ഡേറ്റുകൾ പുറത്തുവിട്ടിട്ടുണ്ടെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ശൃംഖലയെ ഇത് ബാധിച്ചിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി.

*******************************************

ഹെഡ്‌ലൈൻ-3ബി

**ആർബിഐ - ഐടി ഔട്ടേജ്**

മൈക്രോസോഫ്റ്റ് സേവനങ്ങളിലുണ്ടായ തടസ്സം രാജ്യത്തെ പണമിടപാടുകളെ ബാധിച്ചിട്ടില്ലെന്ന് ആർബിഐ അറിയിച്ചു. രാജ്യത്തെ ആകെ 10-ഓളം ബാങ്കുകളിലും ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളിലും മാത്രമാണ് നേരിയതോതിലുള്ള പ്രവർത്തന തടസ്സം നേരിട്ടതെന്നും അവ പരിഹരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതായും ആർബിഐ വ്യക്തമാക്കി.

*******************************************

ഹെഡ്‌ലൈൻ-4

**കർണ്ണാടക - മണ്ണിടിച്ചിൽ**

കർണാടക ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ ലോറി ഡ്രൈവർ അർജുനായുള്ള തെരച്ചിൽ ഊർജ്ജിതമായി

PNU TVPM

പുരോഗമിക്കുന്നു. സൂറത്കൽ എൻ ഐ ടി യിൽ നിന്നുള്ള സംഘത്തിന്റെ നേതൃത്വത്തിൽ റഡാർ പരിശോധന പുരോഗമിക്കുകയാണ്.രാവിലെ 6 മുതൽ ദേശീയ-സംസ്ഥാന ദുരന്ത പ്രതിരോധ സേന, അഗ്നി ശമന സേന, പോലീസ് എന്നി വിഭാഗങ്ങൾ സംഭവസ്ഥലത്തു സജീവമാണ്.

*******************************************

**സംസ്ഥാനം - മഴ**

കേരളത്തിൽ വടക്കൻ ജില്ലകളിൽ മഴക്ക് നേരിയ ശമനം ഉണ്ടെങ്കിലും മഴക്കെടുതി രൂക്ഷമായി തുടരുകയാണ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. വയനാട് ജില്ലയിൽ 45 ദുരിതാശ്വാസ ക്യാമ്പുകളിലായി 2616 പേരാണ് ഉള്ളത്. ജില്ലയിൽ മാത്രം ഏകദേശം 4 കോടി രൂപയുടെ കൃഷി നാശം ഉണ്ടായതയാണ് പ്രാഥമിക കണക്ക്. കണ്ണൂരിലും മഴയ്ക്ക് നേരിയ ശമനമുണ്ട്. ജില്ലയിൽ ഏഴു ദുരിതാശ്വാസ ക്യാമ്പുകളിലായി 76 പേരെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. തൃശൂർ ജില്ലയിലെ ഗായത്രി നദിയിൽ കേന്ദ്ര ജല കമ്മിഷൻ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് അടുത്ത നാലു ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മത്സ്യബന്ധനത്തിന് പോകരുതെന്നാണ് നിർദ്ദേശം.

*******************************************

**ആലപ്പുഴ - മഴ (ഇൻട്രോ)**

മഴയ്ക്ക് ശമനം ഉണ്ടെങ്കിലും ആലപ്പുഴ ജില്ലയിൽ മഴക്കെടുതിയ്ക്ക് അയവില്ല.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി രവി കുമാർ...**

**(വോയിസ്)**

RNU TVPM

********************************************

## മൻ കി ബാത്ത് - പ്രശ്നോത്തരി

പ്രധാനമന്ത്രിയുടെ മൻ കി ബാത്ത് റേഡിയോ പരിപാടിയെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന പ്രശ്നോത്തരിയുടെ മൂന്നാം സീസണിന്റെ താലൂക്ക് തല മത്സരങ്ങളുടെ ഉദ്ഘാടനം നാളെ നടക്കും. തിരുവനന്തപുരം കുന്നുംപുറം ചിന്മയ വിദ്യാലയത്തിൽ നടക്കുന്ന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്യും. മുൻ കേന്ദ്ര സഹമന്ത്രി ശ്രീ വി. മുരളീധരൻ അധ്യക്ഷത വഹിക്കും. നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ ഗ്ലോബൽ ഗിവേഴ്സ് ഫൌണ്ടേഷനുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്.

********************************************

## ഹെഡ്ലൈൻ-5

### ക്രിക്കറ്റ്

RNU TVPM

ഏഷ്യാ കപ്പ് വനിതാ ട്വിന്റി-20 ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ചകഴിഞ്ഞ് 2 ന് നടക്കുന്ന ആദ്യ മത്സരത്തിൽ മലേഷ്യ-തായ്‌ലൻഡിനെ നേരിടും. രാത്രി ഏഴിന് നടക്കുന്ന രണ്ടാം മത്സരം ശ്രീലങ്കയും ബംഗ്ലാദേശും തമ്മിലാണ്. നാളെയാണ് ഇന്ത്യ - യുഎഇ പോരാട്ടം. ഇന്നലെ നടന്ന മത്സരത്തിൽ പാകിസ്ഥാനെ ഇന്ത്യ ഏഴ് വിക്കറ്റിന് തകർത്തു.

********************************************

## ആറന്മുള വള്ള സദ്യ

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നാളെ ആരംഭിക്കുന്ന പ്രസിദ്ധമായ വള്ളസദ്യക്ക് മുന്നോടിയായി ഇന്ന് ആറന്മുള ക്ഷേത്രത്തിലെ ഊട്ടുപുരയിൽ അടുപ്പിൽ അഗ്നിപകരുന്ന ചടങ്ങ് നടന്നു. ഒക്ടോബർ രണ്ടുവരെ വള്ളസദ്യ വഴിപാട് നടക്കും. തിരുവിതാംകൂർ ദേവസ്വം

ബോർഡിന്റെയും ഭക്തജനങ്ങളുടെയും സഹായസഹകരണങ്ങളോടാണ് പള്ളിയോട സേവാസംഘം വള്ളസദ്യ ക്രമീകരിക്കുന്നത്. ദിവസേന 15 വള്ളസദ്യകൾ വരെ നടത്തുന്നതിനുള്ള ക്രമീകരണങ്ങളാണ് ചെയ്തിട്ടുള്ളത്. 44 വിഭവങ്ങളാണ് വള്ളസദ്യക്കുള്ളത്. നാളെ രാവിലെ വാസവൻ, വീണാജോർജ് തുടങ്ങിയവർ പങ്കെടുക്കും .

*******************************************

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ കെ.എസ്.ആർ.ടി.സിയുടെ ബഡ്ജറ്റ് ടൂറിസം ആറന്മുള സദ്യയുണ്ണാൻ അവസരമൊരുക്കുന്നു.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻറെ റിപ്പോർട്ടിലേക്ക്..**

(വോയിസ്)

RNU TVPM

*******************************************

## IISER

തിരുവനന്തപുരം IISER ന്റെ 12-ാമത് ബിരുദദാന ചടങ്ങ് ഇന്ന് നടക്കും. ഉച്ച കഴിഞ്ഞ് വിതുരയിലെ IISER കാമ്പസിലാണ് ചടങ്ങ്. കേന്ദ്ര സർക്കാറിന്റെ മുഖ്യ ശാസ്ത്ര ഉപദേഷ്ടാവും പ്രധാനമന്ത്രിയുടെ ശാസ്ത്ര സാങ്കേതിക ഉപദേശക സമിതി അദ്ധ്യക്ഷനുമായ പ്രൊഫ.അജയ് കുമാർ സൂദ് പരിപാടിയിൽ മുഖ്യാതിഥിയാകും. പഠനം പൂർത്തിയാക്കിയ 190 ബിഎസ്-എംഎസ് വിദ്യാർത്ഥികൾക്കും 26 പിഎച്ച്ഡി വിദ്യാർത്ഥികൾക്കും 24 ഇൻറഗ്രേറ്റഡ് പിഎച്ച്ഡി വിദ്യാർത്ഥികൾക്കും 16 എംഎസ് (റിസർച്ച്) വിദ്യാർത്ഥികൾക്കും 70 എംഎസ്സി വിദ്യാർത്ഥികൾക്കും ഡയറക്ടർ പ്രൊഫ. ജെ.എൻ. മൂർത്തി ബിരുദം സമ്മാനിക്കും.

*******************************************

## വ്യോമസേനയുടെ - വാർഷികം

ദക്ഷിണ വ്യോമസേന സ്ഥാപിതമായതിന്റെ 40-ാം വാർഷികത്തിന്റെ ഭാഗമായി ഇന്നും നാളെയും ദക്ഷിണ വ്യോമസേന, തിരുവനന്തപുരത്ത്, വിവിധ പരിപാടികൾ സംഘടിപ്പിക്കും. പ്രദർശന സ്റ്റാളുകളും വിൽപനയും നടക്കും. വിമാനം സ്വന്തമായി പറപ്പിക്കുന്ന അനുഭവം ഉളവാക്കുന്ന സിമുലേറ്റർ, മിസൈൽ സിമുലേറ്ററുകൾ എന്നിവയ്ക്ക് പുറമേ ഏറ്റവും പുതിയ ആയുധങ്ങളുമായി വ്യോമസേന ഗരുഡ് കമാൻഡോകളും പ്രദർശനത്തിന്റെ ഭാഗമാകും. രാത്രി 9 വരെ ആക്കുളത്ത് സ്വകാര്യ മാളിൽ നടക്കുന്ന പരിപാടികൾ പൊതുജനങ്ങൾക്ക് കാണാൻ അവസരമുണ്ട്.

*******************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*******************************************

## നിപ

മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ മലപ്പുറം സ്വദേശിയായ 14 കാരൻ കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ നിരീക്ഷണത്തിൽ കഴിയുന്നു. നിപയാണോ എന്ന് അറിയാൻ വിദഗ്ധ പരിശോധനക്കായി പൂനയിലേക്ക് സാമ്പിളുകൾ അയച്ചിട്ടുണ്ടെന്ന് ആരോഗ്യ വകുപ്പ് അധികൃതർ പറഞ്ഞു. നിപ വൈറസ് സംശയിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ്

RNUTVPM

മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു.

*******************************************

## ടെക്സ്റ്റൈൽ - മാലിന്യം

തിരുവനന്തപുരത്ത് അട്ടകുളങ്ങരയിൽ പ്രവർത്തിക്കുന്ന ടെക്സ്റ്റെയിൽസ് സ്ഥാപനത്തിലെ കക്കൂസ് മാലിന്യം ഓടയിലേക്ക് ഒഴുക്കുന്നതായി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധയിൽ പരാതി വസ്തുതയാണെന്ന് കണ്ടെത്തി. കർശനമായ നിയമ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായി കോർപ്പറേഷൻ മേയർ അറിയിച്ചു.

*

**************************

*********************************************************************************************

RNU TVPM